LIBRARY ARCHIVES Kerala Legislative Assembly

ജലവിതരണ പൈപ്പുകളിലെ ചോർച്ച തടയാൻ നടപടി

226(532) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം അടക്കമുള്ള പട്ടണങ്ങളിലും സംസ്ഥാനത്തിന്റെ ഇതര ഭാഗങ്ങളിലും ജലവിതരണ പൈപ്പുകൾ അടിക്കടി പൊട്ടുന്നതുമൂലം ഉണ്ടാകുന്ന വൻതോതിലുള്ള കുടിവെള്ള ചോർച്ചയും തന്മൂലമുള്ള ബുദ്ധിമുട്ടുകളും ഗൗരവമായി കാണുന്നുണ്ടോ?

ഉണ്ട്.

(ബി) കാലപ്പഴക്കം ചെന്ന ജലവിതരണ പൈപ്പുകളിലാണ് നിരന്തരം ചോർച്ചയുണ്ടാകുന്നതെന്ന അഭിപ്രായം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ?

ആവർത്തിച്ചുണ്ടാകുന്ന ലീക്കുകളുടെ സ്ഥിതി വിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ കാലപ്പഴക്കം ചെന്ന പൈപ്പുകൾ കൂടുതലുള്ള സ്ഥലങ്ങളിലാണ് നിരന്തരം ചോർച്ചയുണ്ടാകുന്നത് എന്നതിനാൽ ഈ വിഷയം പ്രത്യേക പഠനത്തിന് വിധേയമാക്കിയിട്ടില്ല.

(സി) എങ്കിൽ ഇത്തരം പൈപ്പുകൾ മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി 9 നഗരങ്ങളിൽ കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചുവരുന്നു. 2016-17-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച എ.സി. പ്രിമോ ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി സ്ഥാപിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പഴയതും കേടായതുമായ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി കിഫ്ബി 2016-17-ൽ ഉൾപ്പെടുത്തിയ 11 സർക്കിളുകളിലെ പ്രവൃത്തികൾക്ക് 407.62 കോടി രൂപയുടെ ധനസഹായ അനുമതി ലഭ്യമായിട്ടുള്ളതും പ്രസ്തുത പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരികയും ചെയ്യുന്നു. കൂടാതെ കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നത് ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കായി ഓപ്പിമൈസേഷൻ ഓഫ് പ്രൊഡക്ഷൻ ആൻഡ് ട്രാൻസ്മിഷൻ എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തി കഴിഞ്ഞ അഞ്ച്

LIBRARY ARCHIVES Kerala Legislative Assembly

വർഷത്തിനിടയിൽ (2016-21) 535.36 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതും, ആയതിൽ 227.82 രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ഇതിനുപുറമേ നഗരസഭ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളുടെ നിക്ഷേപ പ്രവൃത്തിയിലും ഉൾപ്പെടുത്തി വിവിധ പ്രവൃത്തികൾ പുരോഗമിക്കുന്നുണ്ട്. കൂടാതെ ജൽജീവൻ മിഷൻ പദ്ധതിയിൽ കുടിവെള്ള വിതരണ ശൃംഖല പുതുക്കുന്നതിനുള്ള നിർദ്ദേശങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. എ.ഡി.ബി. (ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക്)യുടെ സഹായത്തോടെ തിരുവനന്തപുരം, കൊച്ചി നഗരങ്ങളിലെ പഴയ പൈപ്പുകൾ മാറ്റി 24x7 വാട്ടർസപ്ലൈ സ്ഥാപിക്കുന്നതിനുള്ള 2511 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകുകയും ഇത് പ്രാവർത്തികമാക്കുന്നതിന് ടെണ്ടർ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. KRWSA ജലനിധി പദ്ധതിയിൽ നടപ്പിലാക്കിയ കുടിവെള്ള വിതരണ പദ്ധതികളിൽ പല കാരണങ്ങളാലും പ്രവർത്തന രഹിതമായതും ഭാഗികമായി പ്രവർത്തിക്കുന്നതുമായ പദ്ധതികളിലെ കേടുപാടുകൾ പരിഹരിച്ച് അവയെ പൂർണ്ണമായും പ്രവർത്തന സജ്ജമാക്കുന്നതിനുവേണ്ടി സാമൂഹിക കുടിവെള്ള വിതരണ പദ്ധതികളുടെ സുസ്ഥിരത ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ട് (State Plan: Sustainability Support to Community Managed Water Supply Scheme). ഇതിൽപ്പെടുത്തി കേടുപാടുകൾ സംഭവിച്ച പൈപ്പുലൈനുകളും മറ്റു ഘടകങ്ങളും മാറ്റി പദ്ധതി പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കുന്നുണ്ട്.

ആലപ്പുഴയിൽ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കുടിവെള്ള പദ്ധതികൾ

227(533) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെയും സമീപ പ്രദേശങ്ങളിലെയും കാർഷിക വൃത്തി സുഗമമാക്കുന്നതിനായി പുതിയൊരു കാർഷിക കലണ്ടർ തയ്യാറാക്കി തണ്ണീർമുക്കം ഷട്ടറുകൾ പ്രവർത്തിപ്പിക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

തണ്ണീർമുക്കം ബണ്ട് പരമാവധി കാലം തുറന്നുകൊണ്ട് പരിസ്ഥിതി-ആവാസവ്യവസ്ഥ പൂർണ്ണമായും സന്തുലിതപ്പെടുത്തുകയും അതേസമയം പരമാവധി കാർഷിക തീവ്രത കൈവരിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കൃഷി വകുപ്പിന്റെ കീഴിൽ വരുന്ന ആലപ്പുഴ ജില്ലയിലുള്ള ഇന്റർനാഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ് സെന്റർ ഫോർ ബിലോ സീ ലെവൽ ഫാമിംഗ് (IRTCBSF) ഈ